LIBRARY ARCHIVES Kerala Legislative Assembly

വർക്കല നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി

335 (335) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	അനുവദിച്ച വീടുകളുടെ എണ്ണം
വെട്ടൂർ	126
ചെമ്മരുതി	178
ഇലകമൺ	158
നാവായിക്കുളം	486
ഇടവ	222
പള്ളിക്കൽ	102
മടവൂർ	118
വർക്കല മുനിസിപ്പാലിറ്റി	152
ആകെ	1542

(ബി) നിലവിൽ എത്ര അപേക്ഷകർക്ക് വീടുകൾ അനുവദിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

അർഹരായ 2,812 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിക്കുവാനുണ്ട്.

ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ ജീവനക്കാർ

336 (336) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫസ്റ്റ് ഗ്രേഡായി ഉയർത്തിയ മുൻസിപ്പാലിറ്റികളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?